**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3722**
**21.06.2018 ലെ മറുപടിക്ക്**

**ആസ്തി വികസന സ്കീമിലെ പദ്ധതികൾ**

| | ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി എം.എൽ.എ – മാർ സമർപ്പിക്കുന്ന പ്രോജക്ടുകളിൽ കാലതാമസം കൂടാതെ അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി എം.എൽ.എ – മാർ സമർപ്പിക്കുന്ന പ്രോജക്ടുകളിൽ കാലതാമസം കൂടാതെ അനുമതി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ 04.07.2017 ലെ സ.ഉ(അച്ചടി) നം. 86/2017/ധന യുടെ അനുബന്ധം 3 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് പ്രവൃത്തികൾക്ക് കാലതാമസം കൂടാതെ അനുമതി നൽകി വരുന്നുണ്ട്. |
| (ബി) | സർക്കാർ സ്കൂളുകൾക്ക് വാഹനം അനുവദിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ അനുമതിയും ലെറ്റർ ഓഫ് ക്രഡിറ്റ് ഇഷ്യൂ ചെയ്യുന്നതടക്കമുള്ള നടപടികളും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ് വഴി ചെയ്യേണ്ടിവരുന്നതുമൂലമുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഇത്തരം പർച്ചേയ്സ് അടക്കമുള്ള പദ്ധതികൾക്ക് തുക അനുവദിക്കുന്നതിന് എ.ഡി.സി (ജനറൽ) നെയോ, ബന്ധപ്പെട്ട വകുപ്പുകളെയോ അനുവദിക്കുന്നതിനും ഇതിനായി അക്കൗണ്ട് ഹെഡ് അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ? | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസുകൾ വാങ്ങുന്നതിനായി തുക വകയിരുത്തിയിരിക്കുന്നത് പൊതു വിദ്യാഭാസ വകുപ്പിനായി ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുവദിച്ചിട്ടുള്ള ശീർഷകത്തിലാണ്. സർക്കാർ വിദ്യാഭ്യാസ സ്ഥാപങ്ങളിൽ മരാമത്ത് പ്രവൃത്തികൾ പ്രധാനമായും ഏറ്റെടുത്ത് നടപ്പാക്കുന്ന പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറാണ് പ്രസ്തുത ശീർഷകത്തിന്റെ നിയന്ത്രണാധികാരി. എന്നാൽ പ്രസ്തുത ശീർഷകത്തിൽ നിന്ന് സ്കൂൾ ബസ് വാങ്ങി നൽകുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഫണ്ടുകൾ മാറി നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതിനായി ഒരു പ്രത്യേക ശീർഷകം 2018–19 സാമ്പത്തികവർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിലൂടെ തുറന്നിട്ടുണ്ട്. പുതിയ ശീർഷകത്തിൽ നിന്ന് കാലതാമസം കൂടാതെ ഫണ്ടുകൾ മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ